"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജയിലുകൾ - ശ്രീ.സജു എസ്. ഫയൽ ചെയ്ത O.A. 1962/2021 കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 10/07/2024 തീയതിയിലെ വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1244/2025/HOME തീയതി,തിരുവനന്തപുരം, 10-04-2025

---

പരാമർശം:-

1. ശ്രീ.സജു എസ്. ആഭ്യന്തര വകുപ്പ് അഡീഷണൽ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച 03/07/2024 - ലെ അപ്പീൽ അപേക്ഷ ( **Annexure A12**)
2. ശ്രീ.സജു എസ്. ഫയൽ ചെയ്ത O.A.1962/2021 കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബുണൽ പുറപ്പെടുവിച്ച 10/07/2024 തീയതിയിലെ ഉത്തരവ്
3. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 04/11/2024, 13/01/2025 തീയതികളിലെ ഇ1-20162/2020/പി.ആർ.എച്ച്.ക്യു നമ്പർ കത്തുകൾ.

**ഉത്തരവ്**

ശ്രീ.സജു എസ്, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ( നിലവിൽ ഗേറ്റ് കീപ്പർ ) ഫയൽ ചെയ്ത 1962/2021 കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവ് പ്രകാരം, പരാതിക്കാരൻ സർക്കാർ മുമ്പാകെ സമർപ്പിച്ച പരാമർശം അപേക്ഷ പരിഗണിച്ച്, പരാതിക്കാരനെയും മറ്റ് എതിർകക്ഷികളെയും നേരിട്ട് കേട്ട ശേഷം, വിധിപ്പകർപ്പ് ലഭ്യമായി നാല് മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഒന്നാം എതിർകക്ഷിയായ ആഭ്യന്തരവകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി.

2. എക്സിക്യൂട്ടീവ് വിഭാഗത്തിൽ നിന്നും അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് -1 ൽ ഉള്ളവരെ മാത്രമാണ് വെൽഫയർ ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷനായി പരിഗണിയ്ക്കുന്നത്. എന്നാൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്നും സീനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ടിന്റെ അഭാവത്തിൽ ജൂനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ടിന്റെ അഭാവത്തിൽ ഹെഡ് ക്ലാർക്ക് എന്നീ മൂന്ന് വിഭാഗങ്ങളെ പ്രൊമോഷനായി പരിഗണിക്കുന്നുവെന്നും വളരെയേറെ പ്രമോഷനുകൾ ലഭിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗക്കാരെ വെൽഫയർ ഓഫീസർ തസ്തികയിലേക്ക് ബൈ- ട്രാൻസ്ഫർ വ്യവസ്ഥയിൽ നിയമനം നൽകുന്നതിൽ നിന്നും പൂർണ്ണമായും ഒഴിവാക്കേണ്ടതാണെന്നും വനിത അസിസ്റ്റന്റ് പ്രിസൺ ഓഫീസർ വിഭാഗത്തിൽ ജോലിയിൽ പ്രവേശിക്കുന്ന 87 ജീവനക്കാരിൽ 20 പേർ രണ്ടാമത്തെ പ്രമോഷനിലൂടെ വനിത അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് 1-ൽ എത്തുകയും വെൽഫെയർ ഓഫീസർ തസ്തികയിൽ ബൈ-ട്രാൻസ്ഫർ നിയമനത്തിന് അർഹരായി തീരുകയും ചെയ്തുവരുന്നുവെന്നും

നിവേദനത്തിൽ പരാമർശിക്കുന്നു. 2011-ൽ സ്പെഷ്യൽ റൂൾ പ്രകാരം വെൽഫെയർ ഓഫീസർ ഗ്രേഡ് II തസ്തികയ്ക്ക് വേണ്ടുന്ന വിദ്യാഭ്യാസയോഗ്യതയായ MSW അപേക്ഷകൻ പാസായിരുന്നുവെന്നും അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 1 എന്ന തസ്തികയിൽ അപേക്ഷകർ ഇല്ലാതിരുന്നതിനാലാണ് ടിയാന്റെ അപേക്ഷ പരിഗണിക്കാതെയിരുന്നതെന്നും ഇപ്പോഴുള്ള സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിന് മുൻപ് ഡിഗ്രി വിദ്യാഭ്യാസ യോഗ്യതയുള്ള ഏതൊരാൾക്കും എക്സിക്യൂട്ടീവ് (മെയിൽ) വിഭാഗത്തിൽ നിന്നും ബൈ ട്രാൻസ്ഫർ നിയമനത്തിന് അപേക്ഷിക്കുന്നതിന് അർഹത ഉണ്ടായിരുന്നുവെന്നും ഉദ്യോഗസ്ഥരുടെ എണ്ണമോ പ്രമോഷൻ മാനദണ്ഡങ്ങളോ , മെയിൽ, ഫീമെയിൽ അനുപാതമോ സർവ്വീസ് കാലയളവോ പരിഗണിക്കാതുള്ള സ്പെഷ്യൽ റൂളിലെ വ്യവസ്ഥകളും തുടർന്ന് സ്പെഷ്യൽ റൂളിൽ വന്ന ഭേദഗതിയുമാണ് ടിയാനെ വെൽഫെയർ ഓഫീസർ തസ്തികയിലെ ബൈ ട്രാൻസ്ഫർ നിയമനത്തിന് അയോഗ്യനാക്കിയതെന്നും 2002 ൽ സർവീസിൽ പ്രവേശിച്ചതും തുടർന്ന് അപേക്ഷകൻ ബൈ ട്രാൻസ്ഫർ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത നേടിയിരിക്കെ അപേക്ഷകൻ നൽകിയ ബൈ ട്രാൻസ്ഫർ നിയമനത്തിനുള്ള അപേക്ഷകളും പരിഗണിച്ച് സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തി അപേക്ഷകന് അർഹതപ്പെട്ട വെൽഫെയർ ഓഫീസർ ഗ്രേഡ് II തസ്തികയിലെ നിയമനം മുൻകാലപ്രാബല്യത്തോടെ അനുവദിക്കണം എന്നുമാണ് നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്. കൂടാതെ സ്പെഷ്യൽ റൂൾ ഭേദഗതിയ്ക്കുള്ള നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്.

3. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ പരാമർശം (3) പ്രകാരം പ്രസ്തുത നിവേദനത്തിൻമേൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ബഹു.ട്രിബ്യൂണലിന്റെ ഉത്തരവനുസരിച്ച് 12/12/2024 രാവിലെ 11.00 മണിയ്ക്ക് ഹർജിക്കാരനെയും മറ്റ് എതിർ കക്ഷികളെയും ആഭ്യന്തര വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. ജയിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഹിയറിങ്ങിൽ പങ്കെടുത്തിരുന്നു.പരാതിക്കാരനും നാലാം എതിർകക്ഷിയും ഹിയറിങ് വേളയിൽ എഴുതിത്തയ്യാറാക്കിയ കുറിപ്പ് സമർപ്പിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനിതാ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, വനിതാ ഗേറ്റ് കീപ്പർ, വനിതാ പ്രിസൺ ഓഫീസർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധനയിലാണ്. വകുപ്പിൽ ഒരേ പരിഗണന വേണ്ട മിനിസ്റ്റീരിയൽ, വനിത എക്സിക്യൂട്ടീവ്, നേരിട്ട് നിയമനം ലഭിക്കുന്ന പുരുഷ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് 1 എന്നീ വിഭാഗം ജീവനക്കാരെ വേഗത്തിൽ ഉദ്യോഗകയറ്റം ലഭിക്കുന്ന വിഭാഗമാണെന്നുള്ള വസ്തുത കണക്കിലെടുത്ത് വെൽഫെയർ ഓഫീസർ ഗ്രേഡ് II തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിൽ നിന്നും പൂർണമായും ഒഴിവാക്കുവാനാകില്ല. നിലവിലുള്ള കേരള ജയിൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം ജയിൽ വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരിൽ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ്-1 തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കാണ് വെൽഫയർ ഓഫീസർ ഗ്രേഡ്-2 തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് അപേക്ഷിക്കുന്നതിന് അർഹതയുള്ളത്.ആയതിനാൽ MSW പാസായ ശേഷമുള്ള സർവീസിന് വെയിറ്റേജ് നൽകി പ്രബേഷൻ പൂർത്തീകരിച്ച മെയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരെ വെൽഫെയർ ഓഫീസർ ഗ്രേഡ് II ബൈ ട്രാൻസ്ഫർ നിയമനത്തിന് പരിഗണിക്കുവാൻ നിലവിൽ സാധിക്കുകയില്ല. വനിത ജയിലുകളിലെ വെൽഫെയർ തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ തയ്യാറാക്കുന്ന നേരിട്ടുള്ള നിയമന ലിസ്റ്റിൽ നിന്നും വനിതകളെ നിയമിക്കുന്ന കാര്യം, MSW യോഗ്യതയുള്ള മെയിൽ അസിസ്റ്റൻറ് പ്രിസൺ ഓഫീസർമാരുടെ അഭാവത്തിൽ സാമൂഹ്യ വിഷയങ്ങളിൽ PG യോഗ്യതയുള്ള അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരെ വെൽഫെയർ ഓഫിസർ ഗ്രേഡ് II നിയമനത്തിന് പരിഗണിക്കുക എന്നിവ നിലവിലെ അവസ്ഥയിൽ സ്പെഷ്യൽ റൂൾ പ്രകാരം സാധ്യമല്ല.

5. നിലവിലുള്ള കേരള ജയിൽ സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം ജയിൽ വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരിൽ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ്-1 തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കാണ്

വെൽഫയർ ഓഫീസർ ഗ്രേഡ്-2 തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് അപേക്ഷിക്കുന്നതിന് അർഹതയുള്ളത്. ആയതിനാൽ ഗേറ്റ് കീപ്പർ (മുൻ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ )തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ.സജു.എസ് നെ നിലവിൽ വെൽഫയർ ഓഫീസർ ഗ്രേഡ്-2 തസ്തികയിലേക്ക് തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിന് പരിഗണിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പരിഗണിക്കാനാവില്ല.

6. മേൽ സാഹചര്യത്തിൽ, പരാതിക്കാരൻ സർക്കാർ മുമ്പാകെ സമർപ്പിച്ച പരാമർശം 1 അപേക്ഷ ( Annexure A12 ) ഇതിനാൽ നിരസിക്കുന്നു. അപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള , തിരുവനന്തപുരം (ആമുഖ കത്ത് ഉൾപ്പടെ)
ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്,തിരുവനന്തപുരം
ശ്രീ.സജു.എസ് , അശ്വതി ഭവൻ ,എരുമോട്,കോട്ടക്കകം പി.ഒ,ആര്യനാട് , തിരുവനന്തപുരം - 695542(രജിസ്റ്റേർഡ് പോസ്റ്റ് )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം

Signed by
Jijimon R
സെക്ഷൻ ഓഫീസർ
Date: 10-04-2025 11:22:23